# കേരള
# പ്രൈവററ്കോളേജ്
# ടീച്ചർ

എ. കെ. പി. സി. ടി. എ. ജേർണൽ
1980 ആഗസ്ററ്

കേരള പ്രൈവററ് കോളേജ് ടീച്ചർ □ എ. കെ. പി. സി. ടി. എ. ജേർണൽ □ 20 □ 1980 ആഗസ്ററ് □ വാർഷിക വരിസംഖ്യ : അഞ്ചു രൂപ □ ഒററപ്രതി: അമ്പതു പൈസ □ പത്രാധിപസമിതി: വി. നാരായണൻകുട്ടി □ ജി. മാധവൻനായർ □ എൻ. ഭാർഗവൻ □ എം. ആർ. ചന്ദ്രശേഖരൻ □ പി. രവീന്ദ്രനാഥ് □ വി. എൻ. മുരളി (ചീഫ് എഡിററർ)

---

For Comfortable Stay

# KAYCEES

**the most modern and luxurious lodge**

Y. M. C. A. Road

KOTTAYAM

Phone : 3440

# ചർച്ചകൾ ഫലപ്രദമാകണം

ജീവനക്കാരുമായി ചർച്ചചെയ്ത് പ്രശ്നങ്ങൾ പരിഹരിക്കുമെന്ന് ഗവൺമെൻറ് ആവർത്തിച്ചുപറയുന്നുണ്ട്. പക്ഷേ ആ ചർച്ചകൾ ഫലപ്രദമാകുന്നുണ്ടോ? അധികാരത്തിൽവന്ന് അധികനാൾ കഴിയുന്നതിനുമുമ്പുതന്നെ കേരളത്തിലെ ബഹുഭൂരിപക്ഷം വരുന്ന ജീവനക്കാരേയും പ്രതിനിധീകരിക്കുന്ന സംയുക്ത സമരസമിതിയുമായി ഗവൺമെൻറ് ചർച്ചനടത്തി. ആ ചർച്ചയിൽ ചില തീരുമാനങ്ങളുമുണ്ടായി. എന്നാൽ അവ ഫലപ്രദമായി നടപ്പിലാക്കപ്പെട്ടില്ല. അതുമൂലം ജീവനക്കാർക്ക് അവരുടെ സമരം തുടരേണ്ടിവന്നു. ആഗസ്ററ് അഞ്ചിന് ജില്ലാകേന്ദ്രങ്ങളിൽ നടന്ന ധർണ ആകമാനം ജീവനക്കാരുടെയും വികാരം പ്രതിഫലിപ്പിക്കുന്നതായിരുന്നു.

ആഗസ്ററിൽത്തന്നെ സംയുക്തസമരസമിതിയുമായി വീണ്ടും ചർച്ചകൾ ആരംഭിക്കാൻ ഗവൺമെൻറു തീരുമാനിച്ചിരിക്കുന്നതായി അറിഞ്ഞു. ഏറെക്കാലമായി പരിഹരിയ്ക്കപ്പെടാതെ കിടക്കുന്ന പ്രശ്നങ്ങൾക്ക് ഈ ചർച്ചയിലൂടെ പരിഹാരമുണ്ടാക്കണമെന്ന് ഞങ്ങൾ ഗവൺമെൻറിനോടഭ്യർത്ഥിക്കുന്നു. കേരളത്തിൽ മാത്രമേ യു. ജി. സി. സ്കെയിൽ നടപ്പിലാക്കാതുള്ളു എന്ന് കേന്ദ്രവിദ്യാഭ്യാസമന്ത്രി തന്നെ ഈയിടെ പാർലമെൻറിൽ പറഞ്ഞു. കേരളത്തിലെ അദ്ധ്യാപകർ വർഷങ്ങളായി ആവശ്യപ്പെട്ടുകൊണ്ടിരുന്ന യു. ജി. സി. സ്കെയിൽ നടപ്പിലാക്കാൻ ഗവൺമെൻറു തയ്യാറാകണം. ഒരു ദിവസം പണിമുടക്കിയാൽ രണ്ടുമാസത്തെ ശമ്പളം തടയുന്ന യൂണിവേർസിററി നിയമഭേദഗതിയും, ഡയ്സ്നോണും എടുത്തുകളയുകയും വേണം.

ചർച്ചകൾ അനന്തമായി നീണ്ടുപോകരുത്. എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കാനും വൈകരുത്. ഇക്കാര്യത്തിൽ ആത്മാർത്ഥമായ പരിശ്രമം ഗവൺമെൻറു ഭാഗത്തുനിന്നുമുണ്ടാകുമെങ്കിൽ പ്രശ്നങ്ങളൊക്കെ പരിഹരിക്കപ്പെടുമെന്നു തന്നെയാണ് ഞങ്ങളുടെ വിശ്വാസം.

# ആടെന്തറിഞ്ഞു അങ്ങാടിവാണിഭം?

കടലാസുകളിൽ ജനിച്ച് കടലാസുകളിൽമാത്രം ജീവിയ്ക്കുന്ന ചില സംഘടനകൾ കോളേജ് രംഗത്തുണ്ട്. അവർ പത്രങ്ങളിൽ പ്രസ്താവന 'വരുത്തുന്ന' വിദഗ്ധൻമാരാണ്. 'സ്തംഭിപ്പിക്കും' എന്ന്, ഏതോ അസുഖം ബാധിച്ചവരെപ്പോലെ, പ്രസ്താവന യിറക്കിക്കൊണ്ടിരിക്കുന്ന ഒരു കോളേജധ്യാപക സംഘടനയാണ് പി. സി. ടി. എ. അവർ ഏററവും ഒടുവിലായി 'സ്തംഭിപ്പിക്കുന്ന'തെന്തിനാണെന്നു നോക്കാം.

കോഴിക്കോട് യൂണിവേർസിററി സിൻഡിക്കേററിന്റെ 19–7–80 ലെ യോഗം അധ്യയനവർഷം സംബന്ധിച്ച ഓർഡിനൻസിൽ ചെറിയൊരു ഭേദഗതി വരുത്തുകയുണ്ടായി. അധ്യയനവർഷം മാർച്ച് 31 ന് അവസാനിക്കുമെന്നതിനു പകരം മെയ് 31 ന് അവസാനിക്കാൻ വ്യവസ്ഥചെയ്യുന്നതാണ് ഈ ഭേദഗതി. സിൻഡിക്കേററിൽ പി. സി. ടി. എ യ്ക്ക് പ്രാതിനിധ്യമില്ലെങ്കിലും വക്കീലുണ്ട്. അദ്ദേഹം ഈ ഭേദഗതിയെ എതിർക്കുകയും ചെയ്തു.

20–ാംതീയതി കോഴിക്കോട്ടു ചേർന്ന പി. സി. ടി. എ. യോഗം ഇതിൽ ശക്തിയായി പ്രതിഷേധിക്കുകയും ഇതിനെ എതിർത്തു തോൽപിക്കുമെന്ന് മുന്നറിയിപ്പ് നൽകുകയുംചെയ്തു. കോളേജധ്യാപകരുടെ വെക്കേഷൻ നഷ്ടപ്പെടുത്തുന്ന ഈ അധ്യാപക ദ്രോഹനടപടിക്ക് അധ്യാപക പ്രതിനിധികൾ കൂട്ടുനിന്നതിൽ അമർഷംകൊണ്ടു. ഏറെ താമസിയാതെ ജി. സി. ടി. ഓയും സ്തംഭിപ്പിക്കലിന്റെയും മുന്നറിയിപ്പിന്റെയും ഭാഷയിൽ ഈ തീരുമാനത്തിൽ പ്രതിഷേധിച്ചു.


ഇങ്ങനെ അധ്യാപകസംഘടനകളുടെ എതിർപ്പിനും പ്രതിഷേധത്തിനും കാരണമായിത്തീർന്ന ഓർഡിനൻസു ഭേദഗതി എത്രമാത്രം 'അധ്യാപകദ്രോഹ'മാണെന്നും, സിൻഡിക്കേററിലെ അധ്യാപക പ്രതിനിധികൾ ചെയ്ത അപരാധമെന്താണെന്നും നമുക്കു നോക്കാം. അധ്യാപകരുടെ വെക്കേഷൻ നഷ്ടപ്പെടുത്തുന്ന ഭേദഗതിയാണിതെന്നു പറയുന്നു. എന്നാൽ ഏപ്രിൽ – മേയ് മാസങ്ങൾ വെക്കേഷനാണെന്നു പറയുന്ന ഭാഗം ഓർഡിനൻസിലുണ്ട്. വളരെ വ്യക്തമായിപ്പറഞ്ഞിട്ടുള്ള ഈ കാര്യം ഓർഡിനൻസിൽ നിലനിൽക്കെ വെക്കേഷൻ നഷ്ടപ്പെടുമെന്ന ഭയം എവിടെനിന്നുണ്ടായി ഒന്നുകിൽ അജ്ഞതയിൽനിന്ന് അല്ലെങ്കിൽ തെററിദ്ധാരണയിൽനിന്ന്. ഇക്കൂട്ടരെ തെററിദ്ധരിപ്പിക്കാൻ ഉതകുംവിധം അന്നത്തെ പത്രത്തിൽ ''ഈ ഭേദഗതിയുടെ അനന്തരഫലങ്ങൾ വ്യക്തമല്ലെ''ന്ന ഒരു റിപ്പോർട്ടും വന്നു. ഇവർ ഓർഡിനൻസിലെ പ്രസ്തുത ഭാഗം ഒന്നു കണ്ടിരുന്നുവെങ്കിൽ, ഒന്നു വായിച്ചിരുന്നുവെങ്കിൽ എന്നാശിച്ചുപോവുകയാണ്.

സിൻഡിക്കേററിലെ എ. കെ. പി. സി. ടി. എ. പ്രതിനിധികൾ ഈ ഭേദഗതി സിൻഡിക്കേററിനെക്കൊണ്ടംഗീകരിപ്പിക്കാൻ കഴിഞ്ഞതിൽ അഭിമാനിക്കുന്നു. അധ്യയനവർഷത്തിലേക്കു നിയമിതരാകുന്ന താൽകാലിക അധ്യാപകർക്ക് മെയ് 31 വരെ സേവനം തുടരുവാനും വെക്കേഷൻശമ്പളത്തിന് അർഹത നേടുവാനും ഈ ഭേദഗതി സഹായകമാകും. അടുത്ത വർഷവും ഒഴിവുണ്ടെങ്കിൽ അവരുടെ സേവനകാലത്തിന് ബ്രേയ്ക്കു വരാതിരിക്കുവാനും ഇതുപകരിക്കും.

കേരളാ വിദ്യാഭ്യാസച്ചട്ടങ്ങൾ അനുസരിച്ച് സ്കൂളുകളിൽ എത്രയോ കാലമായി അധ്യയനവർഷം മെയ് 31 നാണ് അവസാനിക്കുന്നത്. എന്നാൽ ഇതുകൊണ്ട് സ്കൂളുകളിലെ അധ്യാപകർക്ക് വെക്കേഷൻ നഷ്ടപ്പെടുന്നതായി ആരും പറഞ്ഞുകേട്ടിട്ടില്ല. കോഴിക്കോട് യൂണിവേർസിററി സ്ററാററ്യൂട്ട്സിലും അധ്യയനവർഷത്തെ ജൂൺ തുടങ്ങി മേയ് 31 വരെയെന്ന് വ്യക്തമായി നിർവ്വചിച്ചിരിക്കുന്നു. കേരളാ യൂണിവേർസിററി ഓർഡിനൻസിൽ ഈ ഭേദഗതി എന്നേ വരുത്തിക്കഴിഞ്ഞതാണ്. അതുമൂലം ആരുടേയും വെക്കേഷൻ നഷ്ടപ്പെട്ടതായി അറിവില്ല.

പ്രസ്താവന ഇറക്കിയ പി.സി.ടി.എ. നേതാക്കൾ ഇതൊന്നുമറിഞ്ഞില്ല. ദോഷം പറയരുതല്ലോ. ആദ്യമായിട്ടല്ല ഇവർ ഇങ്ങനെയുള്ള പ്രസ്താവനകളുമായി വരുന്നതും.

ആടെന്തറിഞ്ഞു അങ്ങാടിവാണിഭം?




എ. കെ. പി. സി. ടി. എ. പ്രസിഡൻറ് പ്രൊഫ. വി. നാരായണൻകുട്ടി ധർണ്ണ ഉത്ഘാടനം ചെയ്യുന്നു.

സ്ഥലംമാററങ്ങൾക്ക് മാനദണ്ഡമുണ്ടാക്കുക

# സെക്രട്ടറിയേററുപടിക്കൽ ധർണ

കോർപ്പറേററുമാനേജുമെൻറുകൾ അധ്യാപകരെ സ്ഥലം മാററുന്നതിൽ ഇന്നുകാണിക്കുന്ന അഴിമതികൾ അവസാനിപ്പിക്കണമെന്നും, സ്ഥലം മാററങ്ങൾക്ക് വ്യക്തമായ മാനദണ്ഡങ്ങളുണ്ടാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് എ. കെ. പി. സി. ടി.എ പ്രതിനിധികൾ ജൂലൈ 17 ന് സെക്രട്ടറിയേററുപടിക്കൽ കൂട്ട ധർണ നടത്തി. രാവിലെ ഒൻപതുമണിക്ക് വി. ജെ. ടി. ഹാളിനുസമീപത്തു നിന്നും ജാഥയായിട്ടാണ് പ്രതിനിധികൾ സെക്രട്ടറിയേററു നടയിൽ എത്തിയത്. സംഘടനാപ്രസിഡൻറ് പ്രൊഫ. വി. നാരായണൻ കുട്ടി ധർണ ഉത്ഘാടനം ചെയ്തു. ധർണയിൽ പങ്കെടുത്തവരെ അഭിസംബോധന ചെയ്തു കൊണ്ട് എം. എൽ. എ. മാരായ പി. കെ. വാസുദേവൻ നായർ, എം. കമലം, വി. വി. ദക്ഷിണാമൂർത്തി, പ്രൊഫ. ഉമ്മൻ മാത്യു, രഘുചന്ദ്രബാൽ, വൈക്കം വിശ്വൻ എന്നിവരും പ്രൊഫ. ടി. ഗോപാലകൃഷ്ണൻ പ്രൊഫ. നന്ദിയോട് രാമചന്ദ്രൻ, പ്രൊഫ. ആർ. രവീന്ദ്രൻനായർ, പ്രൊഫ. ജി. മാധവൻ നായർ എന്നിവരും സംസാരിച്ചു.

ശ്രീ. പി.കെ.വാസുദേവൻ നായർ എം. എൽ. എ. ധർണയിൽ പങ്കെടുത്ത വരോടു സംസാരിക്കുന്നു.



# അറിയിപ്പുകൾ

## വെൽഫയർട്രസ്ററ്

വെൽഫയർ ട്രസ്ററിൽ കൂടുതൽ അംഗങ്ങളെ ചേർക്കാനുള്ള പരിശ്രമം ബ്രാഞ്ചു സെക്രട്ടറിമാരുടെ നേതൃത്വത്തിൽ നടക്കുന്നുണ്ടല്ലോ. അംഗങ്ങളുടെ പേരുവിവരവും പണവും ജനറൽസെക്രട്ടറിയുടെ പേർക്കാണ് അയച്ചുകൊടുക്കേണ്ടത്. ചെക്കോ, ഡ്രാഫ്ററോ അയക്കുമ്പോൾ 'All Kerala Private College Teachers' Welfare Trust' എന്നാണ് എഴുതേണ്ടത്. ഓരോ ബ്രാഞ്ചിലേയും ട്രസ്റ്റ് അംഗങ്ങളുടെ വിവരങ്ങൾ, അവ രേഖപ്പെടുത്താനായി തന്നിട്ടുള്ള രജിസ്ററിൽ ഉൾക്കൊള്ളിച്ചു സൂക്ഷിക്കുവാൻ പ്രത്യേകം അറിയിക്കുന്നു.

## മെമ്പർഷിപ്പ്

മെമ്പർഷിപ്പു പ്രവർത്തനം ഇതിനകം പൂർത്തിയാക്കിയിരിക്കുമെന്നു വിശ്വസിക്കുന്നു. ഏതെങ്കിലും ബ്രാഞ്ചിൽ കാലതാമസമുണ്ടായിട്ടുണ്ടെങ്കിൽ അവർ ആഗസ്ററു മുപ്പതിനകം മെമ്പർഷിപ്പുതുക സംസ്ഥാനട്രഷറർക്ക് അയച്ചു കൊടുക്കണം.

പ്രൊഫ. എൻ. ഭാർഗവൻ,
ട്രഷറർ. എ. കെ. പി. സി. ടി. എ.,
എസ്. എൻ. കോളേജ്, വർക്കല.

## ജേർണൽ

എല്ലാ എ. കെ. പി. സി. ടി. എ. അംഗങ്ങളും ജേർണലിന്റെ വരിക്കാരാകണം. അഞ്ചു രൂപ മാത്രമേ വാർഷികവരിസംഖ്യയായിട്ടുള്ളൂ. തുക ചീഫ്എഡിററർക്ക് അയയ്ക്കുക. (വസന്തം, ചെമ്പകശ്ശേരി ലെയിൻ, കേശവദാസപുരം, തിരുവനന്തപുരം–4.) ജേർണൽ ഓരോ അംഗത്തിനും നേരിട്ട് അയച്ചുകൊടുക്കുന്നതാണ്. അതുകൊണ്ട് ബ്രാഞ്ചുകളിലെ ജേർണൽ വരിക്കാരുടെ മേൽവിലാസം എഡിററർക്ക് എത്തിച്ചുകൊടുക്കാൻ സെക്രട്ടറിമാർ ശ്രദ്ധിക്കണം.

## വാർത്തകളും ലേഖനങ്ങളും

ബ്രാഞ്ചുതലത്തിലും ജില്ലാതലത്തിലും നടക്കുന്ന സംഘടനാപ്രവർത്തനങ്ങളുടെ റിപ്പോർട്ടുകൾ, അംഗങ്ങളുടെ അഭിപ്രായങ്ങൾ, നിർദ്ദേശങ്ങൾ, സർവ്വീസിൽനിന്നും വിരമിക്കുന്നവരുടെ വിവരങ്ങൾ, വിദ്യാഭ്യാസ സംബന്ധമായ ലേഖനങ്ങൾ തുടങ്ങിയവ ജേർണലിൽ പ്രസിദ്ധീകരിക്കുന്നതിനായി ചീഫ് എഡിറററുടെ പേരിൽ അയയ്ക്കുക.

ജനറൽ സെക്രട്ടറി
എ. കെ. പി. സി. ടി. എ.

## വിദ്യാഭ്യാസ മന്ത്രിയുമായി ചർച്ച

യൂണിവേർസിററിനിയമത്തിലെ 64–ാം വകുപ്പു നടപ്പാക്കുന്നതു സംബന്ധിച്ച് വിദ്യാഭ്യാസമന്ത്രി അധ്യാപകസംഘടനാപ്രതിനിധികളുടേയും യൂണിവേഴ്സിററിവൈസ് ചാൻസ്ലറൻമാരുടേയും ഒരു യോഗം ജൂലൈ 24–ാം തീയതി വിളിച്ചുകൂട്ടുകയുണ്ടായി. സ്ഥലംമാററപ്രശ്നത്തിൽ അധ്യാപകരിന്നനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഒരു പരിധിവരെ ഒഴിവാക്കാൻ കഴിയും എന്നതുകൊണ്ട് അറുപത്തിനാലാം വകുപ്പ് ഉടൻതന്നെ നടപ്പിലാക്കണമെന്ന് എ. കെ. പി. സി. ടി. എ. പ്രതിനിധികൾ യോഗത്തിൽ ആവശ്യപ്പെട്ടു. അതോടൊപ്പം ഇന്നു സർവ്വീസിലുള്ള ഒരധ്യാപകനുപോലും ബുദ്ധിമുണ്ടാകാത്ത തരത്തിലായിരിക്കണം ഈ വകുപ്പുനടപ്പിലാക്കേണ്ടതെന്നും അവർ ആവശ്യപ്പെടുകയുണ്ടായി. ഇക്കാര്യത്തിൽ സംഘടനയുടെ നിർദ്ദേശങ്ങളടങ്ങുന്ന മെമ്മോറാണ്ഡവും വിദ്യാഭ്യാസ മന്ത്രിക്ക് അവർ നൽകി. (ഈ ലക്കം ജേർണലിൽ മെമ്മോറാണ്ഡം കൊടുത്തിട്ടുണ്ട്)

വേഗം തന്നെ ഈ പ്രശ്നത്തിൽ തീരുമാനമെടുക്കാമെന്ന് വിദ്യാഭ്യാസമന്ത്രി സമ്മതിച്ചു.

എ. കെ. പി. സി. ടി. എ.
ഒരു അവലോകനം—3

ആർ. ആർ. സി.

# റിട്ടയർമെൻറാനുകൂല്യങ്ങൾ

അടുത്തകാലംവരെ പ്രൈവററ് കോളേജ് ജീവനക്കാർക്ക് റിട്ടയർ ചെയ്യുമ്പോൾ പെൻഷൻ ആനുകൂല്യങ്ങൾ ലഭിച്ചിരുന്നില്ല. മെച്ചപ്പെട്ട ശമ്പളത്തിനും സേവനഭദ്രതക്കും ഡയറക്ട് പേമെൻറിനും വേണ്ടി നാം നടത്തിയ എല്ലാ സമരങ്ങളിലും റിട്ടയർമെൻറ് ആനുകൂല്യങ്ങൾ അനുവദിക്കുക എന്ന മുദ്രാവാക്യം നാം തുടർച്ചയായി ഉയർത്തിയിരുന്നു. നമ്മുടെ നിരന്തരമായ നിവേദനങ്ങളുടേയും പ്രക്ഷോഭണങ്ങളുടേയും ഫലമായി കേരളയൂണിവേഴ്സിററി 1968 ൽ പെൻഷൻ—ഇൻഷുറൻസ് പ്രോവിഡണ്ട്ഫണ്ട് എന്നീ ത്രിമുഖാനുകൂല്യങ്ങൾ അടങ്ങുന്ന ഒരു പദ്ധതി രൂപപ്പെടുത്തി ഗവർമെൺണ്ടിൻെറ അംഗീകാരത്തിനായി സമർപ്പിച്ചു. പക്ഷേ നിയമപ്രശ്നങ്ങളുടേയും സാമ്പത്തിക ബാധ്യതകളുടേയും നൂലാമാലയിൽ കുരുങ്ങി ഈ പദ്ധതി വെളിച്ചം കാണാതെ കിടക്കുകയായിരുന്നു, 1971—ലെ ഐതിഹാസികമായ ഡയറക്ട് പേമെൻറ് സമരം നാം പിൻവലിച്ചപ്പോൾ കേരള—കാലിക്കററ് യൂണിവേഴ്സിററികളുമായി ചർച്ചചെയ്തശേഷം വേണ്ട മാററങ്ങളോടുകൂടി ഈ പദ്ധതി നടപ്പാക്കാമെന്ന് ഗവർമെണ്ട് രേഖാമൂലം എ. കെ. പി. സി. ടി. എ. ക്ക് ഉറപ്പുതന്നിരുന്നു. ഈ ഉറപ്പനുസരിച്ച് രണ്ടു യൂണിവേഴ്സിററികളും ഗവൺമെണ്ടിലേക്ക് വേണ്ട മാററങ്ങളുൾപ്പെടുത്തി പെൻഷൻ പദ്ധതി സമർപ്പിച്ചുവെങ്കിലും സർക്കാർ ഇക്കാര്യത്തിൽ ഒരു തീരുമാനം എടുക്കുവാൻ അമാന്തം കാണിച്ചു.

ഈ പ്രശ്നത്തിൽ നാം വീണ്ടും നിവേദനങ്ങളുമായി സർക്കാരിനെ സമീപിച്ചു. നമ്മുടെ ഈ ആവശ്യത്തിന്നനുകൂലമായി പൊതുജനാഭിപ്രായം സൃഷ്ടിക്കുവാനായി 1974 ജൂലായിൽ കേരളത്തിലെ എല്ലാ കളക്ടറേററുകവാടങ്ങളിലും നാം കൂട്ടസത്യാഗ്രഹം നടത്തി. ഇങ്ങനെ നിരന്തരമായ സമരപ്രസ്ഥാനങ്ങളുടെ ഫലമായി 1976 ഏപ്രിൽ 1 മുതൽ റിട്ടയർമെൻറാനുകൂല്യങ്ങൾ നടപ്പാക്കിക്കൊണ്ട് സർക്കാർ ഉത്തരവു പുറപ്പെടുവിച്ചു. പ്രൈവററ് കോളേജധ്യാപകർക്ക് റിട്ടയർമെൻറാനുകൂല്യങ്ങളും ഡയറക്ട് പേമെൻറും അനുവദിച്ച കേരള സർക്കാരിനെ ഈ അവസരത്തിൽ പ്രത്യേകം അഭിനന്ദിക്കുകയും നമുക്കുള്ള അകൈതവമായ നന്ദിരേഖപ്പെടുത്തുകയും ചെയ്യുന്നു. ഇന്ന് പ്രൈവററ് കോളേജ് അധ്യാപകന് ഗവർമ്മെണ്ട് കോളേജധ്യാപകന് കിട്ടുന്ന എല്ലാ റിട്ടയർമെൻറാനുകൂല്യങ്ങളും ലഭിക്കുന്നുണ്ട്. ഇക്കാര്യത്തിലും സംഘടനാശക്തിയിലൂടെ നാം പാരിററി നേടിയിരിക്കയാണ്.

## വിദ്യാഭ്യാസ പ്രശ്നങ്ങൾ

1958 ൽ A. K. P. C. T. A. രൂപീകരിച്ച കാലം മുതൽ 1975 വരെയുള്ള 17 കൊല്ലക്കാലം നമ്മുടെ സംഘടന തുടർച്ചയായി സമരപഥത്തിലായിരുന്നു. നമ്മുടെ നിലനിൽപിൻെറയും ജീവിതത്തിൻെറയും നിരവധി പ്രശ്ന

ങ്ങൾക്കു പരിഹാരം കണ്ടെത്തുവാനുള്ള നിരന്തര പോരാട്ടത്തിലായിരുന്നു നാം. പ്രത്യേകിച്ച് 1967 മുതൽ 1972 വരെയുള്ള 6 കൊല്ലക്കാലം നാം സമരങ്ങളുടെ തീച്ചൂളയിൽ നിന്ന് അക്ഷരാർത്ഥത്തിൽതന്നെ ഉരുകുകയായിരുന്നു. A. K. P. C. T. A യുടെ സ്ഥാപിത ലക്ഷ്യങ്ങളിൽ ഒന്നായ ഉന്നതവിദ്യാഭ്യാസം നവീകരിക്കുന്നതിനുള്ള പ്രവർത്തനം നാമാഗ്രഹിച്ചിട്ടും ഊർജ്ജിതമായി നടത്തുവാൻ ഈ കാലഘട്ടത്തിൽ നമുക്കു സാധിച്ചില്ല. എന്നിരുന്നാലും ഈ വിഷയത്തിൽ നാം ഒരിക്കലും അലസതയോ അലംഭാവമോ കാണിച്ചിട്ടില്ല എന്ന വസ്തുതയും ഇവിടെ എടുത്തുപറയേണ്ടതായിട്ടുണ്ട്.

1963ൽ തന്നെ വിപുലമായ തോതിൽ നാം തിരുവനന്തപുരത്തുവെച്ച് ഒരു വിദ്യാഭ്യാസ സമ്മേളനം നടത്തി. യൂണിവേഴ്സിററിയിലേയും ഗവർമ്മെണ്ട് കോളേജുകളിലേയും അധ്യാപകരെ പങ്കെടുപ്പിച്ചുകൊണ്ട് സംഘടിപ്പിച്ച ഈ സമ്മേളനത്തിൽ ഡിഗ്രി — പ്രീയൂണിവേഴ്സിററിതലങ്ങളിൽ പഠിപ്പിക്കുന്ന വിഷയങ്ങളെക്കുറിച്ചു 47 സെമിനാറുകൾ നടത്താൻ നമുക്ക് കഴിഞ്ഞു. ചരിത്രപ്രാധാനമായ ഈ സമ്മേളനം ഉൽഘാടനം ചെയ്തത് കേന്ദ്രമന്ത്രി ലാൽ ബഹദൂർ ശാസ്ത്രിയായിരുന്നു. 900 ത്തിലധികം ഡെലിഗേററുകൾ യൂണിവേഴ്സിററിയിൽനിന്നും വിവിധ കോളേജുകളിൽനിന്നുമായി ഈ സെമിനാറുകളിൽ പങ്കെടുത്തു. ഈ സമ്മേളനത്തിൽ അവതരിപ്പിച്ച പ്രബന്ധങ്ങളും പഠന റിപ്പോർട്ടുകളും ഉൾക്കൊള്ളിച്ചുകൊണ്ട് നാം ഒരു ബൃഹത്തായ സൂവനീറും പ്രസിദ്ധീകരിക്കുകയുണ്ടായി. ഈ സെമിനാറുകളുടെ ശുപാർശകൾ പിൽക്കാലത്ത് കേരളായൂണിവേഴ്സിററിയുടെ അക്കാദമിക് പ്രവർത്തനങ്ങൾക്ക് വളരെയേറെ മാർഗദർശകങ്ങളായിട്ടുണ്ടെന്നത് A. K. P. C. T. A ക്ക് അഭിമാനിക്കാവുന്ന ഒരു വസ്തുതയാണ്.

1963 നു ശേഷം കാര്യമായി എന്തെങ്കിലും ഈ വിഷയത്തിൽ ചെയ്യുവാൻ നമുക്കു സാധിച്ചത് 1974 ലായിരുന്നു. ഏതാണ്ട് ഒരു ദശകത്തിനുശേഷം 1974 ൽ 'വിദ്യാഭ്യാസത്തിന്റെ സാമൂഹ്യലക്ഷ്യം' എന്ന വിഷയത്തെപ്പററി ഒരു സെമിനാർ നാം തൃശ്ശൂർ ശ്രീ. കേരളവർമ്മ കോളേജിൽവെച്ചു നടത്തി. 1975 ൽ 'പരീക്ഷാപരിഷ്കാരം' ത്തെപ്പററി കോഴിക്കോട്ടും 1976 ൽ 'കോളേജുതലത്തിൽ അദ്ധ്യാപനം മെച്ചപ്പെടുത്തേണ്ടതെങ്ങിനെ' എന്ന വിഷയത്തെപ്പററി പാലാ സെന്റ് തോമസ് കോളേജിൽ വെച്ചും 'പ്രീഡിഗ്രി സയൻസ് സിലബസ് പരിഷ്കാരത്തെപ്പററി ഫറൂക്ക് കോളേജിൽ വെച്ചും 'യൂണിവേഴ്സിററി വിദ്യാഭ്യാസത്തിന്റെ ജനാധിപത്യവൽകരണത്തെ'ക്കുറിച്ച് തിരുവല്ലയിൽവെച്ചും കണ്ണൂരിൽവച്ചും നാം ഓരോസെമിനാറുകൾ നടത്തി. സർവ്വശ്രീ മുണ്ടശ്ശേരി, വി. കരുണാകരൻ നമ്പ്യാർ, പ്രൊഫ. സുകുമാർ അഴീക്കോട്, ഡോ. ആനന്ദ്, ഡോ. സുകുമാരൻനായർ (കോഴിക്കോട് യൂണിവേഴ്സിററി) പ്രൊഫ. എ. ശ്രീധരമേനോൻ, പ്രൊഫ. കെ. എ. ജലീൽ, ഡോ. നൂർമുഹമ്മദ്, റൈററ് റവ: തോമസ് മാർ അത്തനേഷ്യസ് തിരുമേനി, പത്മശ്രീ. റവ:പി. ടി. ചാണ്ടി (മുൻ വൈസ് ചാൻസലർ, ജബൽപൂർ യൂണിവേഴ്സിററി) തുടങ്ങിയ പ്രഗൽഭമതികൾ ഈ സെമിനാറുകളിൽ സംബന്ധിച്ചിരുന്നു. ഇവയിലെല്ലാം തന്നെ ധാരാളം അദ്ധ്യാപക പ്രതിനിധികൾ സജീവമായി പങ്കെടുക്കുകയും വിദ്യാഭ്യാസ വിഷയങ്ങളിൽ തങ്ങളുടെ കാഴ്ചപ്പാട് അവതരിപ്പിക്കുകയും ചെയ്തു. ഈ സെമിനാറുകൾക്ക് കേരളാ—കാലിക്കററ് സർവ്വകലാശാലയുടെ ധനസഹായം നമുക്കു ലഭിച്ചു എന്നത് എടുത്തുപറയേണ്ട വസ്തുതയാണ്.

സമരത്തിന്റെ അഗ്നികുണ്ഡങ്ങളിൽ നിന്നു നീറിയിരുന്ന കാലത്ത് വിദ്യാഭ്യാസപരമായ പ്രവർത്തനങ്ങളിൽ വേണ്ടത്ര ശ്രദ്ധിക്കുവാൻ സംഘടനക്ക് കഴിഞ്ഞില്ലെങ്കിലും തെല്ലുസാവകാശവും പററിയ സാഹചര്യവും കൈവന്നപ്പോൾ നാം ഈ രംഗത്ത് ശ്രദ്ധിക്കുകതന്നെ ചെയ്തു എന്നതിന്റെ തെളിവുകളാണ് മേൽസൂചിപ്പിച്ച സെമിനാറുകളും സമ്മേളനങ്ങളും.

# ജില്ലാ വാർത്തകൾ

## കോഴിക്കോട്

### സെനററ്-സിൻഡിക്കേററ് അംഗങ്ങൾക്കു സ്വീകരണം

കേരള—കോഴിക്കോട് സർവ്വകലാശാലകളിലെ സിൻഡിക്കേററ് അംഗങ്ങളായ പ്രൊഫ. ടി. ഗോപാലകൃഷ്ണൻ, പ്രൊഫ. ആർ.ആർ. സി. നായർ, പ്രൊഫ. വി. നാരായണൻകുട്ടി ശ്രീ. എച്ച്. കെ. പിഷാരടി എന്നിവർക്കും, എ. കെ. പി. സി. ടി. എ, കെ. പി. സി. എം. എസ്. എഫ്. പ്രതിനിധികളായി കോഴിക്കോട് സർവ്വകലാശാലാ സെനററിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളവർക്കും ജൂലൈ 25 ന് ഹോട്ടൽ അളകാപുരിയിൽ വച്ച് എ. കെ. പി. സി. ടി. എ. ജില്ലാകമ്മററി സ്വീകരണം നൽകി. ജില്ലയിലെ വിവിധ കോളേജുകളിൽ നിന്നായി ഇരുന്നൂറോളം പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു. സെനററ്—സിൻഡിക്കേററ് അംഗങ്ങളെ അനുമോദിച്ചുകൊണ്ടും അവരുടെ ഉത്തരവാദിത്വങ്ങൾ ഓർമ്മിപ്പിച്ചുകൊണ്ടും പ്രൊഫ. കെ. പി. ആർ. മേനോൻ, പി. വി. ചന്ദ്രമോഹനൻ, പ്രൊഫ. എ. പി. പി. നമ്പൂതിരി, ടി. ആർ. ശശധരൻ എന്നിവർ സംസാരിച്ചു. പ്രൊഫ. ആർ. ആർ. സി, പ്രൊഫ. വി. നാരായണൻ കുട്ടി, പ്രൊഫ. ടി. ഗോപാലകൃഷ്ണൻ, ശ്രീ. എച്ച്. കെ. പിഷാരടി, പ്രൊഫ. സി. കെ. നാരായണൻ, ഗോപിനാഥ് എന്നിവർ സ്വീകരണത്തിന് നന്ദി പറഞ്ഞുകൊണ്ടു സംസാരിച്ചു.

### മമ്പാട് കോളേജിൽ സ്വീകരണം

കോഴിക്കോട് സർവ്വകലാശാലാ സിൻഡിക്കേററിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട എ. കെ. പി. സി. ടി. എ. പ്രതിനിധികളായ പ്രൊഫ. ആർ. ആർ. സി. നായർക്കും, പ്രൊഫ. വി. നാരായണൻകുട്ടിയ്ക്കും എം. ഇ. എസ്. മമ്പാട് കോളേജിലെ സംഘടനയുടെ ബ്രാഞ്ച് സ്വീകരണം നൽകി. യോഗത്തിൽ പ്രൊഫ. സി. എ. അബ്ദുൽസലാം (പ്രിൻസിപ്പൽ) അധ്യക്ഷം വഹിച്ചു. സ്വീകരണത്തിനു നന്ദിപറഞ്ഞുകൊണ്ടു സംസാരിച്ച പ്രൊഫ. ആർ. ആർ. സി., സംഘടനയിലൂടെ സ്വകാര്യ കോളേജധ്യാപകർക്കുണ്ടായിട്ടുള്ള നേട്ടങ്ങളും, ആ നേട്ടങ്ങൾക്കുവേണ്ടി സംഘടനയ്ക്കു നടത്തേണ്ടിവന്ന പോരാട്ടങ്ങളും വിവരിച്ചു. ഇനിയും സമരത്തിൻെറ പാതയിലൂടെ മുന്നേറാൻ സംഘടന കൂടുതൽ ശക്തമാക്കാൻ അദ്ദേഹം അംഗങ്ങളോടഭ്യർത്ഥിച്ചു, അധ്യാപകർക്കുള്ള സാമൂഹ്യ ഉത്തരവാദിത്വങ്ങൾ വിശദീകരിച്ചുകൊണ്ടായിരുന്നു പ്രൊഫ. വി നാരായണൻകുട്ടി സംസാരിച്ചത്. അധ്യാപകൻ, തൻെറ പ്രാഥമിക ചുമതലകൾ മറക്കരുതെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

ബ്രാഞ്ച് പ്രസിഡൻറ് ജി. വാസുദേവൻ നായർ സ്വാഗതവും സെക്രട്ടറി എസ്. എ. അബ്ദുള്ളാകുഞ്ഞി കൃതജ്ഞതയും പറഞ്ഞു.

## തിരുവനന്തപുരം

### സെപ്തമ്പർ 5 ന് സ്വീകരണം

കേരള — കോഴിക്കോട് സെനററ്, സിൻഡിക്കേററ്, അക്കാദമിക് കൗൺസിൽ എന്നിവകളിലെ എ. കെ. പി. സി. ടി. എ. പ്രതിനിധികൾക്ക് തിരുവനന്തപുരം ജില്ലാക്കമ്മററി, യൂണിവേർസിററി സ്റ്റുഡൻസ് സെൻററിൽ വച്ച് സെപ്തമ്പർ 5 ന് സ്വീകരണം നൽകുന്നതാണ്.

## കൊല്ലം

കൊല്ലം ജില്ലാക്കമ്മിററി പത്തനംതിട്ട എം. ജി. എസ്. കോളേജിൽ ചേർന്ന് ജില്ലാ

പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ തീരുമാനിച്ചു. ആഗസ്ററ് മൂന്നാം തീയതി കൂടിയ യോഗത്തിൽ സിൻഡിക്കേററംഗമായ പ്രൊഫ. ടി. ഗോപാലകൃഷ്ണൻ അദ്ധ്യക്ഷം വഹിച്ചു.

സംഘടനയിലും, വെൽഫയർട്രസ്ററിലും കൂടുതൽ അംഗങ്ങളെ ചേർക്കാനുള്ള മാർഗ്ഗങ്ങൾ യോഗം ചർച്ച ചെയ്തു. ഓരോ കോളേജിലേയും നിലവാരം വിലയിരുത്തി പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ തീരുമാനമെടുത്തു.

ജൂനിയർ ലക്ച്ചറർ സർവ്വീസ് കണക്കിലെടുക്കുന്ന പ്രശ്നം, ഫിസിക്കലെഡ്യൂക്കേഷൻ അധ്യാപകരുടെ പ്രശ്നം, യു.ജി.സി. സ്കെയിൽ തുടങ്ങിയ കാര്യങ്ങളിൽ സർക്കാർ കാണിക്കുന്ന നിഷേധാത്മക നിലപാടിൽ യോഗം പ്രതിഷേധം രേഖപ്പെടുത്തി. ആഗസ്ററ് അഞ്ചിന് ജില്ലാ കേന്ദ്രങ്ങളിൽ നടക്കുന്ന ധർണ്ണ വിജയിപ്പിക്കാൻ യോഗം തീരുമാനിച്ചു.

ചില കോളേജുകളിൽനിന്നും യൂണിററ് സെക്രട്ടറിമാർ യോഗത്തിന് എത്തിച്ചേരാത്തതിൽ കമ്മിററി ശക്തമായ അമർഷം പ്രകടിപ്പിച്ചു. അടുത്ത കമ്മിററിയിലെങ്കിലും എല്ലാ സെക്രട്ടറിമാരേയും പങ്കെടുപ്പിക്കാൻ ശ്രമിക്കണമെന്ന് തീരുമാനിച്ചു. കോഴഞ്ചേരി സെൻറ് തോമസ് കോളേജിലെ പല ട്രസ്റ്റംഗങ്ങൾക്കും ഇതുവരെ രസീത് ലഭിച്ചിട്ടില്ലെന്ന പരാതിയുണ്ടായി.

ജെ. ജോൺസൺ, വൈററസ് (സെൻറ് തോമസ് കോളേജ്, കോഴഞ്ചേരി) എം. ജി. തോമസ്, പി. തോമസ് (കാതോലിക്കേററ് കോളേജ്) ഒ. കെ. ഗോപാലപിള്ള (സെൻറ് സ്ററീഫൻസ് കോളേജ്, പത്തനാപുരം) ഐ. അമീർ അലി (ടി. കെ. എം. കോളേജ്) കെ. വിജയശങ്കർ (എൻ. എസ്. എസ്. കോളേജ്, നിലമേൽ) തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു. ജില്ലാ സെക്രട്ടറി പി. ശബരിനാഥൻനായർ അവതരിപ്പിച്ച കഴിഞ്ഞ കമ്മിററിയുടെ റിപ്പോർട്ട് യോഗം ഐകകണ്ഠേന പാസാക്കി.

## പാലക്കാട്

### അധ്യാപക-സർവ്വീസ് സംഘടനാ സമരസമിതി

സമരസമിതിയുടെ പാലക്കാട് ജില്ലാ കൺവെൻഷൻ ജൂലൈ 27ന് റോട്ടറി മോയൻ ഹാളിൽ ഡോ: പി. എസ്. പണിക്കരുടെ അധ്യക്ഷതയിൽ കൂടി. ആയിരത്തിഅഞ്ഞൂറോളം അംഗങ്ങൾ യോഗത്തിൽ പങ്കെടുത്തിരുന്നു. ആഗസ്ററ് അഞ്ചിൻെറ ധർണ വിജയിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിച്ച പ്രസ്തുത യോഗത്തിൽ പി. മുരുകേശൻ, പി. ഉണ്ണികൃഷ്ണൻ, രാധാകൃഷ്ണപിള്ള തുടങ്ങിയവരും പ്രസംഗിച്ചു.

### കൂട്ടധർണ

അധ്യാപക സർവ്വീസ് സംഘടനാസമരസമിതിയുടെ ആഭിമുഖ്യത്തിൽ ആഗസ്ററ് 5 ന് പാലക്കാട് കളക്ട്രേററിനുമുമ്പിൽ രണ്ടായിരത്തോളം ജീവനക്കാർ പങ്കെടുത്ത ധർണനടന്നു. ധർണയ്ക്കുമുമ്പ് ടൗണിൽ പ്രകടനവും ഉണ്ടായിരുന്നു. പ്രൊഫ. ആർ. ആർ. സി. ആയിരുന്നു ധർണ ഉത്ഘാടനം ചെയ്തത്. മുരുകേശൻ, രാമകൃഷ്ണൻ തുടങ്ങിയവർ ധർണയിൽ പങ്കെടുത്തവരെ അഭിസംബോധനചെയ്തു സംസാരിച്ചു.

### മണ്ണാർകാട് എം. ഇ. എസ്. കോളേജ്

എം. ഇ. എസ്. കല്ലടി കോളേജിലെ എ. കെ. പി. സി. ടി. എ. ബ്രാഞ്ചിൻെറ ആഭിമുഖ്യത്തിൽ പ്രൊഫ. ആർ. ആർ. സി., സെനററ് മെമ്പറൻമാരായ പ്രൊഫ. ടി. അബ്ദുൽ അസീസ്, ഡോ: പി. എസ്. പണിക്കർ എന്നിവർക്ക് ജൂലൈ 30–ാം തീയതി സ്വീകരണം നൽകി. സെററ്–സിൻഡിക്കേററ് അംഗങ്ങളെ അനുമോദിച്ചുകൊണ്ട് ശ്രീ. പി.ഇ.ഡി. നമ്പൂതിരി, ശ്രീനിവാസൻ, രാമൻ കുട്ടി, പ്രൊഫ. കെ. ഐ. മുഹമ്മദു കുട്ടി(പ്രിൻസിപ്പൽ) എന്നിവർ സംസാരിച്ചു. അനുമോദനത്തിന് നന്ദി പറഞ്ഞ പ്രൊഫ. ആർ. ആർ. സി, പ്രൊഫ. ടി. അബ്ദുൽ അസീസ്, ഡോ: പി. എസ്. പണിക്കർ എന്നിവർ സംഘടന ശക്തിപ്പെടുത്തേണ്ടതിൻെറ ആവശ്യകതയെക്കുറിച്ചു സംസാരിച്ചു. ☆

# AKPCTA

## MEMORANDUM

To

The Hon'ble Minister for Education
Government of Kerala
Trivandrum.

Sir,

Implementation of Section 64 of the Kerala and Calicut University Acts — Request for:

The Association welcomes the initiative taken by the Government of Kerala to implement the Section 64 of the Kerala and Calicut University Acts. Because of the non-implementation of the Section, the teachers under Corporate Managements having colleges in both the Universities have been experiencing a number of difficulties. The Corporate Managements have not yet prepared any approved seniority lists though Statue 34 of the First Statutes relating to conditions of service of Private College Teachers stipulates that "Every Eucational Agency shall maintain a seniority list of the teachers in the college or all the colleges in the University area as the case may be under its Menagement". As you are aware, most of the posts in ptivate colleges have to be filled up by promotion on the basis of seniority (vide Section 57(4) of the Acts). In the absence of any approved seniority list determination of the seniority of teachers for the purpose has no legal basis. And the practice of inter-university transfer renders the teachers transferred virtually thrown-outs and makes the situation legally worse. It may be noted in this context, that, even very senior approved teachers in one University area have to obtain fresh approval when transferred to the other University area.

The Association considered all aspects regarding the implementation of section 64 of the Acts and submit the following for your consideration while implementing the Section.

1. The Section 64 of the Acts should be implemented with immediate effect.

2. Regarding clause 2 of the Section the right of option should be given to all teachers on the roll on the date of effective implementation of the Section.

3. All teachers who opt to work under the jurisdiction of Kerala/Calicut University should be allotted to that University.

If the number of teachers allotted is more than the number required in that University area priority in allottment shall be given on the basis of seniority and the remaining teachers who could not be accommodated owing to lack of vacancies should be allowed to join the University of their choice as and when vacancies arise there. These teachers should be allowed to work in the University area not opted by them during the interim period as a working arrangement.


Necessary amendments to the Acts on the lines suggested above should be made before implementing section 64.

Yours faithfully,

Sd/-

**G. Madhavan Nair**
(General Secrtary)

---



Prof. Carri & Prof. (Mrs.) Carri who retired from Mar Ivanios College last year.

# പ്രശ്നങ്ങൾ സമീപനങ്ങൾ

[വാദപ്രതിവാദങ്ങൾക്കിട നൽകുന്ന ഒട്ടധികം പ്രശ്നങ്ങൾ വിദ്യാഭ്യാസരംഗത്തുണ്ടല്ലോ. അവയെപ്പററി അംഗങ്ങൾക്കുള്ള അഭിപ്രായങ്ങൾ പ്രകടിപ്പിക്കാനും അതുവഴി തുറന്ന ചർച്ചയ്ക്കു വിഷയമാക്കാനും ഈ 'ചർച്ചാവേദി' പ്രയോജനപ്പെടുത്തുക. അഭിപ്രായങ്ങൾ ചെറിയ ലേഖനങ്ങളാക്കി എഡിററുടെ പേർക്ക് അയയ്ക്കുക.]

## +2 സ്റേറജ് സ്കൂളുകളിൽ !

കേരളത്തിൽ ഇന്ന് 10+2 പാറേറണിലെ +2 സ്റേറജ് കോളേജുകളിലാണ് നടത്തുന്നത്. അതിനാൽ ഏകീകൃതമായ ഒരു സംവിധാനമാണ് നിലവിലുള്ളത്. എന്നാൽ ഈയിടെ നിയമസഭയിൽ +2 സ്റേറജ് ചില സ്കൂളുകളിൽ അടുത്ത അധ്യയന വർഷം മുതൽ പരീക്ഷണരൂപേണ (?) ആരംഭി


കുട്ടമ്പേരൂർ മധുസൂദനൻ
എൻ. എസ്. എസ്. കോളേജ്,
ഒററപ്പാലം.


ക്കുവാനുള്ള ആലോചന സർക്കാരിനുള്ളതായി വിദ്യാഭ്യാസമന്ത്രി പ്രസ്താവിക്കുകയുണ്ടായി. ഇതുമൂലം കോളേജുകളിലെ ഇന്നുള്ള തിരക്കു കുറയ്ക്കുവാനും, സമാന്തര വിദ്യാഭ്യാസമേഖലയെ കടിഞ്ഞാണിട്ടു നിയന്ത്രിക്കുവാനും സാധിക്കും എന്നാവാം സർക്കാരിൻെറ കാഴ്ചപ്പാട്. ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ +2 സ്റേറജ് സ്കൂളുകളിൽ ആരംഭിക്കുന്നതു വഴി ഉണ്ടാകുമെന്നുള്ള കാര്യം സർക്കാരും, ബന്ധപ്പെട്ടവരും ഓർക്കുന്നതു നന്ന്. അവയിൽ ചിലതുമാത്രം ഇവിടെ കുറിക്കട്ടെ.

(1) ഇന്ന് +2 സ്റേറജിനുള്ള ഏകീകൃത സ്വഭാവം നഷ്ടപ്പെടും. പി. ഡി. സി. ; ഏ. ഐ. എസ്. എസ്. സി. ഇ. ; എച്ച്. എസ്. എസ്. സി. തുടങ്ങിയ അനവധി പരീക്ഷകൾ പാസ്സായ ആളുകൾ കേരളത്തിൽ കാണും. ഇതിൻെറ ആദ്യത്തെ കുഴപ്പം പ്രൊഫഷണൽ കോളേജുകളിലേക്കുള്ള പ്രവേശനരീതിയെ ഇത് കുറേക്കൂടി സങ്കീർണ്ണമാക്കുമെന്നതാണ്.

(2) 10+2 നടത്തുന്ന സ്കൂളുകളിൽ 9—ാം സ്ററാൻഡേർഡ് മുതൽ പ്രാക്ടിക്കൽസ് നടത്താറുണ്ട്. അപ്പോൾ വിപുലമായ ലബോറട്ടറി സംവിധാനങ്ങൾ സ്കൂളുകളിൽ ആരംഭിക്കേണ്ടി വരും. അതിനുള്ള ഭീമമായ ധനവ്യയം ഊഹിക്കാവുന്നതേയുള്ളൂ.

(3) ട്രെയിൻഡ് പോസ്റ്റു ഗ്രാജുവേററ് അദ്ധ്യാപകരെ (പി. ജി. ടി.) നിയമിക്കേണ്ടിവരും. നിയമനരീതികൾക്ക് വ്യക്തമായ മാനദണ്ഡങ്ങൾ കൽപിക്കേണ്ടിവരും. പുതിയ ശമ്പള സ്കെയിലുകൾ ഏർപ്പെടുത്തുമ്പോൾ പല പ്രശ്നങ്ങളുമുണ്ടാകും. കൂടാതെ, ഇന്നുള്ള ട്രയിൻഡ് ഗ്രാജുവേററ് അദ്ധ്യാപകരുടെ ഭാവിയെ പി. ജി. ടി. ക്കാരുടെ രംഗപ്രവേശം സാരമായി ബാധിക്കും.

(4) കാലക്രമേണ കോളേജുകളിൽനിന്ന് പല അദ്ധ്യാപകരും (പ്രത്യേകിച്ച് ഷിഫ്ട്കാർക്ക്) പുറത്തുപോകേണ്ടിവരും. അല്ലെങ്കിൽ അവരെ പ്രൊട്ടക്ട് ചെയ്യുവാൻ സർക്കാർ തയ്യാറാകേണ്ടിവരും.

മേൽപറഞ്ഞ പ്രശ്നങ്ങളെകൂടാതെ വേറെ പലതും +2 സ്റേറജ് സ്കൂളുകളിൽ ഏർപ്പെടുത്തുക വഴി ഉണ്ടാകും. ഇവയെപ്പററി ബന്ധപ്പെട്ടവർ ശരിയായ പഠനം നടത്തി അധികൃതരെ ഈ സംരംഭത്തിൽ നിന്ന് പിൻതിരിപ്പിക്കേണ്ട കാലം ആസന്നമായിരിക്കുന്നു. □

# Work load and pattern of Teaching Staff in Arts & Science Colleges

**Summary of relevant portions of University Ordinances :**

1. **Calculation of work load of teachers :** Work load is calculated on the strength of students as on 1st November in the previous academic year, distributed batchwise for the subjects for the course specified.
2. **Work load of various categories of teachers :**
   - (a) **Principal :-** Shall not exceed 5 hours and shall not be less than 3 hours per week.
   - (b) **Professor (I Grade) and Head of P. G. Dept.**
     - (i) **Arts subjects :** Normal hours of lecture per week 11 and minimum 10.
     - (ii) **Science subjects :** Normal hours of lecture and supervision of practical work per work 12 hours and minimum 11.
   - (c) **Second Grade Professor.**
     - (i) **Arts :** Normal hours of lecture 14 per week and minimum 13.
     - (ii) **Science :** Normal hours of lecture and supervision of practical work shall be 15 and minimum 14.

For Heads of Departments (II Grade) a reduction of 2 hours per week shall be allowed from the prescribed limits.

(d) **Lecturer :** (i) **Arts :** Normal 14 hours and minimum 13.
(ii) **Science :** Normal 15 hours and minimum 14.

In addition to above each teacher shall attend to 4 hours of correction work.

(e) **Jr. Lecturers :** Same as for Lecturers.

**Note :** (i) For calculating work load in P. G. Depts, one hour lecture work is treated as $1\frac{1}{4}$ hour normal lecture work.

(ii) Correction of 20 books shall be considered as equivalent to one hour work with regard to correction of compositions, records, etc.

(iii) **Supervision of practical work :**
- (a) Predegree : One staff member for 20 students.
- (b) Degree : One staff member for 16 students.
- (c) Post–Graduate : One staff member for 10 students.

For supervision of practical classes, the excess students, if any, after applying the above formula shall be suitably re–distributed among existing batches. No additional staff shall be appointed for this purpose.

**Staff Pattern :**

(1) (A) Colleges having P. G. Dept.

1. Principal.
2. Professor Grade I (for P. G. Dept.)
3. Professor Grade II (for Degree Dept.)
4. Lecturers (5) Jr. Lecturers.

(B) College having Degree courses only :
1. Principal 2. Professor Grade II 3. Lecturers 4. Jr. Lecturer

(C) Junior Colleges :
1. Principal 2. Lecturers 3. Jr. Lecturers

(2) No. of posts for each category of teachers in a College :

| | |
|---|---|
| (i) Principal | one |
| (ii) Professor Grade I (Professor who is Head of Dept. & Teaching P.G.Course) | one for each P. G. Department |
| (iii) Professor Grade II | |
| (a) Professor who is head of Dept & teaching a main subject of Degree Std. | one for each Dept. |
| (b) Professor Grade II | one each for a Dept. having both Degree & P. G. Courses. |
| (c) Head of Dept. of English in a full fledged college i. e., having 1st, 2nd, 3rd year degree classes without English Main. | one |
| (d) For a language dept. where there are atleast 4 teachers. | one |

Provided that for purposes of reckoning the minimum number of 4 teachers all language dept. excluding the depts having pass course shall be clubbed and the ratio between Professor and other categories of such teachers shall be 1:3.

**Note** (1) The Grade II professor in a dept. having both Degree and PG courses shall be in charge of the Degree section in the Dept. and in the absence of 1st Grade Professor he shall be in charge of the Dept.

(2) No. of Grade II Professors stipulated above shall be in addition to non-cadre Gr. II Professors.

| | |
|---|---|
| Lecturer/Jr. Lecturer in Physical Education | One when strength is less than 1000<br>Two when strength exceeds 1000. |

**3. Procedure for calculating work-load.**

(1) Calculate the total lecture hours for Arts subjects and total lecture hours plus practical hours for science subjects as per the hours prescribed.

(2) From the total hours arrived in (i), deduct the work load of the Head of the Dept.

(3) Divide the balance hours arrived in (2) by X-I where X = 14 for arts subjects and 15 for science subjects.

(4) After division as prescribed in (3), if there is any balance of hours of work, one more hour of work a week shall be assigned to each teacher including the Professor. If there is still any balance of hours left, a proposal for the creation of an additional post be made and on the appointment of a teacher in the additional post, the work shall be distributed among all the teachers of the dept.

**Note** (1) In exceptional cases where the minimum work load of 13 hours (in Arts) and 14 hours (in Science) cannot be maintained, exemption from minimum work load may be granted, if the work load cannot otherwise be adjusted.

(2) In case of subjects like Syriac, Arabic, Latin, Law for B. Com. etc. where the total work load is below the minimum only a part time Lecture shall be appointed.

# സ്ഥലംമാററങ്ങൾക്ക് മാനദണ്ഡം ഉണ്ടാക്കുക

അധ്യാപകരെ സ്ഥലം മാററുന്ന കാര്യത്തിൽ ചില കോർപ്പറേററുമാനേജുമെൻറുകൾ സ്വീകരിക്കുന്ന മനുഷ്യത്വരഹിതമായ സമീപനത്തിനെതിരേയുള്ള എ. കെ. പി. സി. ടി. എ. യുടെ ശക്തമായ പ്രതിഷേധ പ്രകടനമാണ് ജൂലൈ 17–ാം തീയതി സെക്രട്ടറിയേററുപടിക്കൽ നടന്നത്. അവിടെ മുഴങ്ങിയ മുദ്രാവാക്യത്തിൽ കേട്ടതുപോലെ അധ്യാപകരെ ഫുട്ബാൾ പോലെ തട്ടിയുരുട്ടുന്ന മാനേജുമെൻറിന്റെ ധിക്കാരം അവസാനിപ്പിക്കേണ്ടിയിരിക്കുന്നു. കേരളത്തിലെ ഏററവും വലിയ കോർപ്പറേററു മാനേജുമെൻറുകളാണ് എൻ. എസ്. എസ്–എസ്. എൻ. മാനേജുമെൻറുകൾ. അധ്യാപകരുടെ നിയമനത്തിലും വിദ്യാർത്ഥികളുടെ പ്രവേശനത്തിലും ഇവർ കാണിക്കുന്ന അഴിമതികളും കോഴവാങ്ങലും എല്ലാവർക്കും അറിവുള്ളതാണ്. അതിന്റെ കൂടെ മറെറാരു വരുമാനമാർഗ്ഗമായിട്ടാണ് സ്ഥലം മാററത്തേയും ഇവർ ഉപയോഗിക്കുന്നത്. സ്ഥലം മാററുന്നതിനും മാററാതിരിക്കുന്നതിനും കോഴകൊടുക്കണം. എൻ. എസ് എസ്. മാനേജുമെൻറാകട്ടെ, പാദസേവകൻമാരായ അധ്യാപകരുടെ ഒരു സംഘടനയുമുണ്ടാക്കിയിട്ടുണ്ട്. അതിൽ ചേരാത്തവർക്കൊക്കെ സ്ഥലം മാററഭീഷണി !

സ്ഥലംമാററത്തിന് കൃത്യമായ കാലമൊന്നുമില്ല. ഏതു നിമിഷവും സ്ഥലം മാററപ്പെടാം. കൊല്ലന്റെ ആലയിലെ മുയലിനെപ്പോലെ ഭയന്നു കഴിയേണ്ട ഗതികേടാണ് അധ്യാപകർക്കിന്നുള്ളത്. ഒരു വർഷം തന്നെ മൂന്നും നാലും സ്ഥലം മാററങ്ങൾ അധ്യാപകനുണ്ടാകുന്ന സംഭവങ്ങൾ എൻ. എസ്. എസ് മാനേജുമെൻറിൽ സാധാരണമാണ്.

ദമ്പതികൾക്ക് ഒരേ കോളേജിൽ ജോലി ചെയ്യാനുള്ള അവസരം നിഷേധിക്കുക, ഒഴിവുണ്ടെങ്കിലും സൗകര്യമായ സ്ഥലം മാററം മനപ്പൂർവ്വം കൊടുക്കാതിരിക്കുക, സംഘടനാപ്രവർത്തകരെ വൈരനിര്യാതന ബുദ്ധിയോടെ സ്ഥലം മാററുക–ഇതെല്ലാം മാനേജുമെൻറുകളുടെ സ്ഥിരം ഏർപ്പാടായിത്തീർന്നിരിക്കുന്നു.

അധ്യാപകരുടെ ജീവിതം കൊണ്ടു പന്താടുന്ന മാനേജുമെൻറിന്റെ ഈ നടപടികൾ എത്രയും പെട്ടെന്നുതന്നെ അവസാനിപ്പിക്കേണ്ടിയിരിക്കുന്നു. □

## ആദരാഞ്ജലി

എ. കെ. പി. സി. ടി. എ. യുടെ നിർണ്ണായക സമരങ്ങളിലൊക്കെ പ്രധാനപങ്കുവഹിച്ചിട്ടുള്ള പ്രൊഫ. എം. പി. രാഘവക്കുറുപ്പ് ജൂലൈ 22–ാം തീയതി അന്തരിച്ചു. ചങ്ങനാശ്ശേരി എൻ. എസ്. എസ്. ഹിന്ദു കോളേജിൽ മലയാളം പ്രൊഫസറായിരിക്കെ 1976 ലാണ് അദ്ദേഹം സർവ്വീസിൽനിന്നും വിരമിച്ചത്.

എ.കെ.പി.സി.ടി.എ. കേരള—കോഴിക്കോട്
യൂണിവേർസിററികൾക്കു സമർപ്പിച്ച
മാതൃകാ സിലബസ്.

# SYLLABUS IN PRE-DEGREE ECONOMICS

## PAPER I INDIAN ECONOMIC CONDITIONS

SCOPE

The paper on "Indian Economic Conditions" taught at the Pre-Degree level is expected to provide an understanding of the broad features and the major problems of the present state of the Indian Economy. The emphasis will be on analytical approach to the study of the Indian Economy.

### Chapter I. **Nature and Structure of Indian Economy**

India as an under developed Economy-Socio-Economic factors that shape the Indian Economy-pattern of wealth distribution in Indian-agriculture-industry - inequalities of income - concentration of wealth - consequential pattern of production and distribution.

### Chapter II. **Agricultural Problems**

Importance of land legislation—a critical assessment. Introduction of new agricultural strategy — its economic and social implications. The problem of agricultural finance—village money lenders — role of co—operatives and commercial banks — special problems of small farmers-Reserve Bank of India and rural credit—agricultural marketing and the peasantry conditions of farm labour.

### Chapter III. **Industry**

A critical estimate of industrial development since independence—change in the nature and structure of industrial out put—problems of industrial finance. Trends in industrial production—stagnation and crisis. Role of cottage and small industries—credit problems—special problems of small entrepreneurs-problems of traditional industries with special reference to Kerala.

### Chapter IV **Labour and Management**

Industrial relations-Trade union movement-share of wages in value added-wages. Bonus and profit sharing with employees Labour participation in management.

Chapter V. **Foreign Trade and Investment**

Problems of foreign trade-Composition of exports and imports – Change in the composition of exports since the sixtees-problems of foreign exchange – import substitution. Role of multinationals. Foreign Aid–foreign collaboration, import of technology-self reliance and economic independence.

Chapter VI. **Planning**

Planning in India – five year plans– major shifts in priorities strategies and emphasis–a critical appraisal – standard of living–poverty–unemployment–distribution–Rolling Plans.

**Paper II Elements of Economic Analysis**

SCOPE : The objectives of a course in Economic Analysis at the Pre-degree level are :

i) To enable the student to understand the working of an economy on the basis of the basic tools of analysis.

ii) To provide a proper background for the study of Economics at the graduate level.

The emphasis is on such tools of analysis that link theory and the world of economic reality.

Chapter I. **Economy and Economics**

The concept of an economy-the totality of arrangements for production and consumption – the interdependence of different economic units–Basic problems-What, How and How much – Production frontier. Economics as a science of wealth–welfare–scarcity and choice.

Chapter II. **Evolution of Economic Life**

Pastoral stage and agricultural stage–slave owning society–Feudalism–Capitalism–Socialism–Totality of arrangements under these systems–origin and development of exchange – the use of money – Barter–money and its functions–role of technological changes in these evolutions. Property relations under these systems.

Chapter III. **Demand and Supply**

Theory of diminishing Marginal utility

Demand Schedule – Demand Curve–Law of demand–Elasticity–Price elasticity and income elasticity – application to Indian Price situations· Supply schedule–supply curve-Law of supply. Expansion and contraction of supply and demand–increase and decrease of supply and demand-Interaction of supply and demand in a market-Price fluctuations–Prices of Agricultural Products in India. The producer and profit maximisation output and price determination – cost and revenue–Marginal cost and marginal revenue–competition and monopoly.

Chapter IV. **Pricing Practices in Reality**

Manufactured products - agricultural raw materials – oligopoly controlling of demand for agricultural products and controlling of supply of industrial products–contrived inflation–Indian illustrations.

### Chapter V. **National Income**

Definition – Gross National product (GNP) Net National Product (NNP) Personal income (PI) Disposable income (DI) different methods of computation – difficulties–India's National Income–Sectoral contribution–distribution of income–wage and salaries, Rent–Interest and profit in the form of surpluses. Trend of national income growth under the five year plans.

### Chapter VI. **Aggregative Approach**

Flow of National income and expenditure–consumption–saving and investment–equality of saving and investment–implication of saving–investment inequality – inflation – Unemployment and deflation – Stagnation, Stagflation and crisis.

### Chapter VII. **Banks and the Economy**

Functions of commercial banks–credit creation–Central Bank and Credit Control–Functions of Central Banks–Reserve Bank of India–Credit Problems of small Entrepreneurs.

### Chapter VIII. **Government and Economic Life**

Government finance as a percentage of National Income–the role of Government–public Revenue and Public Expenditure–the Indian Tax Structure-Proportion of direct and indirect taxes–pattern of Public Expenditure.

---

## വി. ആർ. എസ്. ദിനാചരണം

എ. കെ. പി. സി. ടി. എ. യുടെ സ്ഥാപകനേതാക്കളിൽ പ്രമുഖനായിരുന്ന പ്രൊഫ. വി. ആർ. സുബ്രഹ്മണ്യത്തിന്റെ ഒന്നാം ചരമ വാർഷികം ആഗസ്റ്റ് 7 ന് കോളേജുകളിൽ സമുചിതമായി ആചരിച്ചു. എ. കെ. പി. സി. ടി. എ. ബ്രാഞ്ചുകൾ യോഗം ചേർന്ന് പ്രൊഫ. വി. ആർ. എസിന്റെ സ്മരണ പുതുക്കുകയും, അദ്ദേഹത്തിന്റെ പ്രവർത്തനശൈലി മാതൃകയായി സ്വീകരിച്ചുകൊണ്ട് സംഘടന കൂടുതൽ ശക്തമാക്കുമെന്ന് പ്രതിജ്ഞയെടുക്കുകയും ചെയ്തു.

## തൃശൂരിൽ പൊതുയോഗം

എ. കെ. പി. സി. ടി. എ. തൃശൂർ ജില്ലാ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ വി. ആർ. എസ്. ദിനം ആചരിച്ചു. ആഗസ്റ്റ് 7 ന് ഉച്ചതിരിഞ്ഞ് രണ്ട് മണിക്ക് സെന്റ് തോമസ് കോളേജ് മെഡ്‌ലിക്കോട്ട് ഹാളിൽ, സാമൂഹ്യസാംസ്കാരികരംഗത്തെ വിവിധനേതാക്കൻമാർ പങ്കെടുത്ത പൊതുയോഗം നടന്നു. സ്വാതന്ത്ര്യസമരസേനാനി, അധ്യാപകസംഘടനാപ്രവർത്തകൻ, പ്രഗൽഭനായ അധ്യാപകൻ എന്നിങ്ങനെ പല നിലകളിൽ ശോഭിച്ചിരുന്ന പ്രൊഫ. വി. ആർ. എസ്സിന്റെ കഴിവുകൾ യോഗത്തിൽ പങ്കെടുത്തവർ അനുസ്മരിക്കുകയുണ്ടായി.

## എം. ജി. കോളേജിൽ

തിരുവനന്തപുരം മഹാത്മാഗാന്ധി കോളേജിലെ 'വി. ആർ. എസ്'. ദിനാചരണത്തോടനുബന്ധിച്ചുനടന്ന യോഗത്തിൽ എ. കെ. പി. സി. ടി. എ. ബ്രാഞ്ചുപ്രസിഡന്റ് പ്രൊഫ. എൻ. ബി. അച്ചുതൻ നായർ അധ്യക്ഷ്യം വഹിച്ചു. പ്രൈവറ്റ് കോളേജധ്യാപകരുടെ സംഘടിത പ്രസ്ഥാനമായ എ. കെ. പി. സി. ടി. എ. യുടെ വളർച്ചയിൽ പ്രൊഫ. വി. ആർ. എസ്. വഹിച്ചിട്ടുള്ള പങ്ക് യോഗത്തിൽ പ്രസംഗിച്ചവർ അനുസ്മരിക്കുകയുണ്ടായി.

GOVERNMENT OF KERALA

Abstract

Allowances - Dearness Allowance - Revision of - Orders issued

FINANCE (P. R. U.) DEPARTMENT

G. O. (P) No. 466/80/Fin. Dated, Trivandrum, 18th July 1980.

Read: 1. G. O. (P) 536/79 (66) Fin. dated 12-6-1979.
2. G. O. (P) 990/79/Fin. dated 7-11-1979.
3. G. O. (P) 236/80/Fin. dated 8-4-1980.
4. G. O. (P) 456/79 (41) / Fin. dated 5-5-1979.

ORDER

Government are pleased to order that the rates of Dearness Allowance sanctioned in the G. O. read as third paper above will be revised with effect from First February, 1980, as shown in the Annexure.

2. The rates of Dearness Allowance of Part-time employees sanctioned in the G. O. read as third paper above will also be revised as follows:—

| Categories | | Existing rate per mensem | Revised rate per mensem with effect from 1-2-1980 |
|---|---|---|---|
| (1) | | (2) | (3) |
| | | Rs. | Rs. |
| Part-time teachers | ... | 40 | 46 |
| Part-time Contingent employees on fixed pay | ... | 28 | 32 |

3 In the case of those who remain in the pre-revision (1978) scales of pay, the amount of Dearness Allowance will be calculated as already ordered in the G. O. read as first paper above, the rates of Dearness Allowance admissible for increase in the cost of living index beyond 272 points, being replaced by the rates specified in the Annexure to this order.

4. These orders will apply to the full time State Government employees, staff of Aided Schools, Private Colleges and Private Polytechnics, full time employees borne on contingency and work charged establishments and employees of local bodies, subject to the condition that the expenditure on this account in respect of local bodies, will be met from the funds of the respective local bodies.

5. In the G. O. read as second paper above, the State Service pensioners were allowed Dearness Allowance at 16% of their pension, subject to a minimum of Rs. 20 and a maximum of Rs. 100 per mensem with effect from 1-8-1979. Government are now pleased to order that the State Service pensioners will be allowed Dearness Allowance at 20% of their pension subject to a minimum of Rs. 25 and a maximum of Rs. 125 per mensem with effect from 1–2–1980. The increase in Dearness Allowance now allowed will be applicable to the Family Pensioners and such other pensioners to whom the orders contained in the G. O. read as fourth paper above were extended.

6. The minimum pension inclusive of Dearness Allowance will be Rs. 110 and the minimum family pension inclusive of Dearness Allowance will be Rs. 85 with effect from 1–2–1980.

By order of the Governor,

S. PADMAKUMAR,
Special Secretary (Finance)

To

The Accountant General, Kerala, Trivandrum
All Heads of Departments and Offices
All Departments and Sections of the Secretariat
The Registrar, High Court, Ernakulam (with C. L.)
The Registrars, University of Kerala/Cochin/Calicut (do.)
The Registrar, Agricultural University, Mannuthi, Trichur (do.)
The Advocate General, Ernakulam (do.)
The General Manager, Kerala State Road Transport Corporation, Trivandrum (do.)
The Secretary, Kerala Public Service Commission (do.)
The Secretary, Vigilance Commission (do.)
The Secretaries, Additional Secretaries, Joint Secretaries, Deputy Secretaries and Under Secretaries to Government
The Secretary, Kerala State Electricity Board, Trivandrum
The Private Secretaries to the Chief Minister and other Ministers
The Secretary to the Governor
The Stenographer to the Chief Secretary.

## ANNEXURE

| Pay in the revised scale sanctioned with effect from 1–7–1978 | Amount of D. A. Sanctioned with effect from 1–2–1980 | Pay in the revised scale sanctioned with effect from 1–7–1978 | Amount of D. A. sanctioned with effect from 1–2–1980 | Pay in the revised scale sanctioned with effect from 1–7–1978 | Amount of D. A. sanctioned with effect from 1-2-1980 |
|---|---|---|---|---|---|
| (1) | (2) | (1) | (2) | (1) | (2) |
| Rs. | Rs. | Rs. | Rs. | Rs. | Rs. |
| 280 | 77 | 386–389 | 107 | 594–601 | 137 |
| 281–284 | 78 | 390–393 | 108 | 602–610 | 138 |
| 285–287 | 79 | 394–396 | 109 | 611–617 | 139 |
| 288–291 | 80 | 397–410 | 110 | 618–626 | 140 |
| 292–295 | 81 | 411–417 | 111 | 627–634 | 141 |
| 296–298 | 82 | 418–423 | 112 | 635–643 | 142 |
| 299–302 | 83 | 424–429 | 113 | 644–650 | 143 |
| 303–306 | 84 | 430–435 | 114 | 651–659 | 144 |
| 307–309 | 85 | 436–442 | 115 | 660–667 | 145 |
| 310–313 | 86 | 443–448 | 116 | 668–674 | 146 |
| 314–317 | 87 | 449–454 | 117 | 675–681 | 147 |
| 318–320 | 88 | 455–460 | 118 | 682–685 | 148 |
| 321–324 | 89 | 461–467 | 119 | 686–690 | 149 |
| 325–328 | 90 | 468–473 | 120 | 691–695 | 150 |
| 329–330 | 91 | 474–479 | 121 | 696–699 | 151 |
| 331–335 | 92 | 480–485 | 122 | 700–704 | 152 |
| 336–339 | 93 | 486–492 | 123 | 705–707 | 153 |
| 340–341 | 94 | 493–498 | 124 | 708–712 | 154 |
| 342–345 | 95 | 499–504 | 125 | 713–718 | 155 |
| 346–350 | 96 | 505–511 | 126 | 719–721 | 156 |
| 351–352 | 97 | 512–519 | 127 | 722–726 | 157 |
| 353–356 | 98 | 520–527 | 128 | 727–732 | 158 |
| 357–360 | 99 | 528–536 | 129 | 733–735 | 159 |
| 368–363 | 100 | 537–544 | 130 | 736–740 | 160 |
| 364–367 | 101 | 545–552 | 131 | 741–745 | 161 |
| 368–371 | 102 | 553–560 | 132 | 746–749 | 162 |
| 372–374 | 103 | 561–569 | 133 | 750–754 | 163 |
| 375–378 | 104 | 570–577 | 134 | 755–758 | 164 |
| 379–382 | 105 | 578–584 | 135 | 759–763 | 165 |
| 383–385 | 106 | 585–593 | 136 | 764–768 | 166 |

| (1) | (2) |
|---|---|
| Rs. | Rs. |
| 769–772 | 167 |
| 773–777 | 168 |
| 778–782 | 169 |
| 783–786 | 170 |
| 787–791 | 171 |
| 792–796 | 172 |
| 797–800 | 173 |
| 801–805 | 174 |
| 806–809 | 175 |
| 810–814 | 176 |
| 815–819 | 177 |
| 820–823 | 178 |
| 824–828 | 179 |
| 829–833 | 180 |
| 834–837 | 181 |
| 838–842 | 182 |
| 843–847 | 183 |
| 848–851 | 184 |
| 852–856 | 185 |
| 857–860 | 186 |
| 861–865 | 187 |
| 866–870 | 188 |
| 871–874 | 189 |
| 875–879 | 190 |
| 880–884 | 191 |
| 885–888 | 192 |
| 889–893 | 193 |
| 894–898 | 994 |
| 899–902 | 195 |
| 903–907 | 196 |
| 908–911 | 197 |
| 912–916 | 198 |
| 917–921 | 199 |
| 922–925 | 200 |
| 926–930 | 201 |
| 931–935 | 202 |
| 936–939 | 203 |
| 940–944 | 204 |
| 945–949 | 205 |
| 950–953 | 206 |
| 954–958 | 207 |
| 959–961 | 208 |
| 962–966 | 209 |
| 967–972 | 210 |
| 973–975 | 211 |
| 976–880 | 212 |
| 981–986 | 213 |
| 987–989 | 214 |
| 990–994 | 215 |
| 995–999 | 216 |
| 1000–1003 | 217 |
| 1004–1008 | 218 |
| 1009–1012 | 219 |
| 1013–1019 | 220 |
| 1020–1027 | 221 |
| 1028–1036 | 222 |
| 1037–1044 | 223 |
| 1045–1053 | 224 |
| 1054–1062 | 225 |
| 1063–1069 | 226 |
| 1070–1078 | 227 |
| 1079–1087 | 228 |
| 1088–1095 | 229 |
| 1096–1104 | 280 |
| 1105–1113 | 231 |
| 1114–1120 | 232 |
| 1121–1129 | 233 |
| 1130–1138 | 234 |
| 1139–1146 | 235 |
| 1147–1155 | 236 |
| 1156–1163 | 237 |
| 1164–1171 | 238 |
| 1172–1180 | 239 |
| 1181–1188 | 240 |
| 1189–1196 | 241 |
| 1197–1205 | 242 |
| 1206–1213 | 243 |
| 1214–1221 | 244 |
| 1222–1230 | 245 |
| 1231–1238 | 246 |
| 1239–1243 | 247 |
| 1244 | 246 |
| 1245 | 245 |
| 1246 | 244 |
| 1247 | 243 |
| 1248 | 242 |
| 1249 | 241 |
| 1250 | 240 |
| 1251 | 239 |
| 1252 | 238 |
| 1253 | 237 |
| 1254 | 236 |
| 1255 | 235 |
| 1256 | 234 |
| 1257 | 233 |
| 1258 | 232 |
| 1259 | 231 |
| 1260 | 230 |
| 1261 | 229 |
| 1262 | 228 |
| 1263 | 227 |
| 1264 | 226 |
| 1265 | 225 |
| 1266 | 224 |
| 1267 | 223 |
| 1268 | 222 |
| 1269 | 221 |
| 1270 | 220 |
| 1271 | 219 |
| 1272 | 218 |
| 1273–2750 | 217 |

(Inclusive)

# kerala private college teacher

Vol. 3
No: 20

a. k. p. c. t. a. journal

Registered. No: KL/TV/2

## UNIVERSITY OF KERALA

# NOTIFICATION

No. Acad. L-1618/Ord/80. 4th August, 1980.

It is hereby notified that the Ordinances "2-staff pattern in Colleges - (2)" under Chapter XIII of the Kerala University First Ordinances 1978 have been amended as follows :–

(a) In Chapter XIII "2. Staff Pattern for Colleges-(2)" after the present (iii) (a)-add the following as (b) and the present (b) and (c) renumbered as (c) and (d) respectively.

"(b) Professor Grade II - One for a Department having both Degree and Post-Graduate Courses."

(b) In the present (c) (to be renumbered as d) replace the figure 5 with the figure 4.

As amended the provision will read :–

"(d) For a Language Department where there are at least 4 teachers-one"

(c) In the proviso under the said amendment (d) (Present) (c) the figure 4 be substituted with the figure 3.

As amended the last line in the proviso will read : "of such teachers shall be 1 : 3."

Further the figure '5' in the same proviso be substituted by the figure '4'.

(d) The Note (1) under the said proviso be amended as follows :–
"Note:– (1) The Grade II Professor in a Department having both Degree and Post–graduate Courses shall be in charge of the Degree Section in the Department and in the absence of the First Grade Professor he shall be in charge of the Department".

The above amendments have the concurrence of the State Government and assent of the Chancellor.

These amendments will take effect from 30th July, 1980.

University Buildings
Trivandrum
4-8-1980

Sd/–
REGISTRAR

printed and published by prof. v. narayanan kutty, at chempaka printers, trivandrum
chief editor : v. n. murali.